# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/256/2017 2017 ഡിസംബർ 5

## പത്രക്കുറിപ്പ്

**പരീക്ഷ മാറ്റി**

വിദ്യാർത്ഥി അദാലത്ത് നടക്കുന്നതിനാൽ മഹാത്മാഗാന്ധി സർവ്വകലാശാല നാളെ (ഡിസംബർ 8) നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

**എം.ജി. വിദ്യാർത്ഥി അദാലത്ത്: പൊതുപരാതികളിൽ നടപടിയായി**

മഹാത്മാഗാന്ധി സർവ്വകലാശാല വിദ്യാർത്ഥികളുടെ പരാതികൾ ഉടനടി പരിഹരിക്കുന്നതിനായി നടത്തുന്ന വിദ്യാർത്ഥി അദാലത്തിലേക്ക് ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ പൊതുപരാതികൾ തീർപ്പാക്കുന്നതിന് നടപടികളെടുത്തു.

2010 റെഗുലേഷൻസ് പ്രകാരം ബി ടെക് കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് തിയറി പേപ്പറുകളുടെ ഇന്റേണൽ റീഡു അനുവദിക്കും. വിശദമായ വിജ്ഞാപനം ഉടൻ പുറപ്പെടുവിക്കും. എല്ലാ ബിരുദബിരുദാനന്തര കോഴ്സുകൾക്കും മേഴ്സിചാൻസ് പരീക്ഷകൾ വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നതാണ്. പുനർമൂല്യനിർണ്ണയത്തിന് കേന്ദ്രീകൃത മൂല്യനിർണ്ണയ സംവിധാനം ഒരുക്കും. ഡിഗ്രി സർട്ടിഫിക്കറ്റുകളും ഗ്രേഡ് കാർഡുകളും അടിയന്തിരമായി വിതരണം ചെയ്യും. പൊതുപരാതികളിൽ നടപടികളെടുത്തതിനാൽ, ടെലഫോണിലൂടെ അറിയിപ്പ് ലഭിക്കുന്നവർ മാത്രം നാളത്തെ (ഡിസംബർ 8) അദാലത്തിൽ നേരിട്ട് ഹാജാരായാൽ മതിയാകും.

**ഒന്നാം സെമസ്റ്റർ യു.ജി. അപേക്ഷകൾ**

ജനുവരിയിൽ നടത്തുന്ന ഒന്നാം സെമസ്റ്റർ യു.ജി. (സി.ബി.സി.എസ്. 2017 അഡ്മിഷൻ റഗുലർ/സി.ബി.സി.എസ്.എസ്. 2013 മുതൽ അഡ്മിഷൻ സപ്ലിമെന്ററി & ഇംപ്രൂവ്മെന്റ്) പരീക്ഷകൾക്ക് പിഴയില്ലാതെ ഡിസംബർ 23 വരെയും 50 രൂപ പിഴയോടെ 26 വരെയും 500 രൂപ സൂപ്പർഫൈനോടെ 31 വരെയും അപേക്ഷകൾ സ്വീകരിക്കും. വിദ്യാർത്ഥികളുടെ യോഗ്യതാ സർട്ടിഫിക്കറ്റുകൾ ഡിസംബർ 11നകം സർവ്വകലാശാലയിൽ സമർപ്പിക്കണം. ഒന്നാം സെമസ്റ്റർ (2017 അഡ്മിഷൻ) വിദ്യാർത്ഥികളുടെ ഫോട്ടോ (150W x 200H പിക്സൽസ്, 15 kb - 50 kb ഫയൽ സൈസ്) കോളേജുകൾ 14 മുതൽ 18 വരെ തീയതികളിൽ പോർട്ടലിൽ അപ്‌ലോഡ് ചെയ്യണം. ഓൺലൈൻ പരീക്ഷാ രജിസ്ട്രേഷൻ പിഴയില്ലാതെ 19 മുതൽ 23 വരെ നടത്താവുന്നതാണ്.

**മേഴ്സി ചാൻസ്**

ഒന്ന് മുതൽ നാല് വരെ സെമസ്റ്റർ മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ മെഡിക്കൽ ഡോക്യുമെന്റേഷൻ (പഴയ സ്കീം – 2009ന് മുമ്പുള്ള അഡ്മിഷൻ) വിദ്യാർത്ഥികൾക്ക് അവസാന മേഴ്സി ചാൻസ് പരീക്ഷയ്ക്ക് പിഴയില്ലാതെ ഡിസംബർ 15 വരെയും 50 രൂപ പിഴയോടെ 16 വരെയും 500 രൂപ സൂപ്പർഫൈനോടെ 18 വരെയും അപേക്ഷിക്കാം. അപേക്ഷകർ സ്പെഷ്യൽ ഫീസായി 10000 രൂപ പരീക്ഷാഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. പരീക്ഷാ തീയതി പിന്നീട് അറിയിക്കും.

**പ്രാക്ടിക്കൽ**

2017 ഒക്ടോബറിൽ നടന്ന മൂന്നും, അഞ്ചും സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്.സി. റിക്രിയേഷൻ ലെയ്ഷർ ആന്റ് സ്പോർട്സ് സ്റ്റഡീസ് ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ (റഗുലർ/സപ്ലിമെന്ററി) ഡിസംബർ 18, 19 തീയതികളിൽ പാലാ സെന്റ് തോമസ് കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാഫലം

2017 ഒക്ടോബറിൽ നടത്തിയ അവസാനവർഷ എം.ഫാം ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് ഡിസംബർ 19 വരെ അപേക്ഷിക്കാം.

2017 മെയ് മാസം നടത്തിയ നാലാം സെമസ്റ്ററും, 2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്ററും എം.എച്ച്.ആർ.എം. (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 19 വരെ അപേക്ഷിക്കാം.

## നാക് പരിശീലന പരിപാടി

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അഫിലിയേറ്റഡ് സർക്കാർ/എയ്ഡഡ്/ഓട്ടോണമസ് കോളേജുകളിലെ പ്രിൻസിപ്പൽമാർ, നാക് കോഓർഡിനേറ്റർമാർ എന്നിവർക്കായി പുതുക്കിയ നാക് കോ - ഓർഡിനേഷൻ നടപടി ക്രമങ്ങളെക്കുറിച്ച് നാക് പിയർ ടീം അംഗമായ പ്രൊഫ. എം.പി. രാജൻ നയിക്കുന്ന ഏകദിന ശില്പശാല ഇന്ന് (ഡിസംബർ 7) രാവിലെ 10.30ന് മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടത്തുന്നതാണ്.

## ബെസ്റ്റ് കോളേജ് മാഗസിൻ അവാർഡ് എറണാകുളം ലോ കോളേജിന്

മഹാത്മാഗാന്ധി സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ്സ് സർവ്വീസസ് നടത്തിയ 2016-17ലെ ബെസ്റ്റ് കോളേജ് മാഗസിൻ അവാർഡുകൾ പ്രഖ്യാപിച്ചു. എറണാകുളം ലോ കോളേജ് ഒന്നാം സ്ഥാനം നേടി. എറണാകുളം മഹാരാജാസ് കോളേജ്, പാമ്പാടി കെ.ജി. എന്നീ കോളേജുകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. തേവര എസ്.എച്ച്. തിരുവല്ല മാർത്തോമ്മാ എന്നീ കോളേജുകൾ പ്രോത്സാഹന സമ്മാനത്തിന് അർഹരായി. ഒന്നാം സ്ഥാനത്തിന് 10000 രൂപയും രണ്ടാം സ്ഥാനത്തിന് 7500 രൂപയും മൂന്നാം സ്ഥാനത്തിന് 5000 രൂപയും സമ്മാനിക്കും. പ്രോത്സാഹനസമ്മാനമായി 2500 രൂപയും ലഭിക്കും. അവാർഡുകൾ പിന്നീട് നടക്കുന്ന ചടങ്ങിൽ നൽകുമെന്ന് സ്റ്റുഡന്റ്സ് സർവ്വീസസ് ഡയറക്ടർ ഡോ. എസ്. ഹരികുമാർ അറിയിച്ചു.

## ത്രിദിന ദേശീയ സെമിനാർ

മഹാത്മാഗാന്ധി സർവ്വകലാശാല ാ കെ.ആർ. നാരായണൻ പഠനപീഠത്തിന്റെ ആഭിമുഖ്യത്തിൽ 'കേരളത്തിലെ ദളിത് കോളനികളും സാമ്പത്തിക ജീവിതവും' എന്ന വിഷയത്തിൽ നടത്തുന്ന ത്രിദിന ദേശീയ സെമിനാർ, ഗാന്ധിയൻ പഠനവിഭാഗം സെമിനാർ ഹാളിൽ നടന്ന ചടങ്ങിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. മുംബൈയിലെ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിലെ പ്രൊഫ. എം. കുഞ്ഞാമൻ മുഖ്യപ്രഭാഷണം നടത്തി. സിൻഡിക്കേറ്റംഗം ഡോ. കെ. ഷെറഫുദ്ദീൻ, കെ.ആർ. നാരായണൻ പഠനപീഠം കോ ഓർഡിനേറ്റർ ഡോ. രാജേഷ് കോമത്ത്, ഗാന്ധിയൻ പഠനവിഭാഗം മേധാവി ഡോ. ഹരി ലക്ഷ്മീന്ദ്രകുമാർ, ദീപു പി. തോമസ് എന്നിവർ സംസാരിച്ചു. സെമിനാർ ഇന്ന് സമാപിക്കും.

**അടിക്കുറിപ്പ്**
**മഹാത്മാഗാന്ധി സർവ്വകലാശാല കെ.ആർ. നാരായണൻ പഠനപീഠത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ദേശീയ സെമിനാർ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**